**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1688** | **08-10-2021 - ൽ മറുപടിയ്ക്ക്**

**യു.ജി.സി അംഗീകാരമുള്ള കേന്ദ്ര സർവ്വകലാശാലകളുടെയും ഡീംഡ് യൂണിവേഴ്സിറ്റികളുടെയും ബിരുദങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉപരിപഠനത്തിന് യു.ജി.സി അംഗീകാരമുള്ള കേന്ദ്ര സർവ്വകലാശാലകളുടെയും ഡീംഡ് യൂണിവേഴ്സിറ്റികളുടെയും ബിരുദങ്ങൾ (സമാന ബിരുദങ്ങൾ ഇല്ലെങ്കിൽ പോലും) അംഗീകരിക്കുമോ; ഇതു സംബന്ധിച്ച് പൊതു നിർദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പൊതുനിർദ്ദേശം കൊണ്ട് വരുന്നതിനായി നടപടി സ്വീകരിക്കുമോ; | (എ) | സർവകലാശാലകൾ നടത്തുന്ന ബിരുദങ്ങളുടെ തുല്യത/ അംഗീകാരം സംബന്ധിച്ച് സർക്കാർ ജി.ഒ. (എം.എസ്) നം. 272/2018/ഉ.വി.വ തീയതി 13/11/2018 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്. 1. എല്ലാ സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISC), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻറ് റിസേർച്ച് (IISER) മറ്റ് ദേശീയ പ്രാമുഖ്യമുള്ള സ്റ്റാൻറ് എലോൺ സ്ഥാപനങ്ങൾ തുടങ്ങിയ ദേശീയ സ്ഥാപനങ്ങളുടെ ബിരുദങ്ങൾ അംഗീകരിക്കേണ്ടതാണ്. 2. എല്ലാ സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും IISER, IISc കേന്ദ്ര/ സംസ്ഥാന സർവ്വകലാശാലകൾ, സർക്കാർ ധനസഹായത്തിൽ പ്രവർത്തിക്കുന്ന മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ BS/MS ബിരുദങ്ങൾ അംഗീകരിക്കേണ്ടതാണ്. 3. ഐ.ഐ.റ്റി കൾ (IITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NITs), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആൻറ് റിസേർച്ച് (IISER) തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള സ്ഥാപന ങ്ങളുടെയും യു.ജി.സി അംഗീകാരമുള്ള മറ്റ് സ്ഥാപനങ്ങളുടെയും ബിരുദ ങ്ങൾക്ക് അംഗീകാരവും തുല്യതാ സർട്ടിഫിക്കറ്റും നിഷ്കർഷിക്കാൻ പാടുള്ളതല്ല. 4. യു.ജി.സി പ്രസിദ്ധീകരിക്കുകയും കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | അംഗീകൃത സർവകലാശാല കളുടെയും സ്ഥാപനങ്ങളുടെയും പട്ടികയിൽപെടുന്ന സർവകലാശാല കളുടെയും സ്ഥാപനങ്ങളുടെയും ബിരുദങ്ങൾ പരസ്പരം അംഗീകരിക്കേണ്ടതാണ്. 5. സർവകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും യു.ജി.സി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പേരുകൾ (nomenclature) ആയിരിക്കണം ബിരുദങ്ങൾക്ക്/ യോഗ്യതകൾക്ക് അവലംബമാക്കേണ്ടത്. 6. വിദേശ സർവ്വകലാശാലകളുടെ ബിരുദങ്ങൾ അംഗീകരിക്കുന്നതും തുല്ല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതും അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റി (AIU) നിജപ്പെടുത്തി യിട്ടുള്ള നയങ്ങൾക്കും, മാനദണ്ഡ ങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായി ആയിരിക്കണം. 7. വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ (Open and Distance Learning) കരസ്ഥമാക്കിയിട്ടുള്ള ബിരുദങ്ങളുടെ അംഗീകാരത്തിന് സർവകലാശാല കളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും അവലംബിക്കേണ്ടത് യു.ജി.സി യുടെ ഓപ്പൺ ആൻറ് ഡിസ്റ്റൻസ് ലേണിംഗ് സംബന്ധിച്ചുള്ള യു.ജി.സി യുടെ പുതിയ റെഗുലേഷനുകളെ ആയിരിക്കണം. 8. 2017 ലെ യു.ജി.സിയുടെ ഓപ്പൺ ആൻറ് ഡിസ്റ്റൻസ് ലേണിംഗ് സംബന്ധിച്ച റെഗുലേഷനുകൾ പുറപ്പെടുവിക്കുന്നതിന് മുൻപ് ഓപ്പൺ/വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കരസ്ഥമാക്കിയ ബിരുദങ്ങളുടെ അംഗീകാരം സംബന്ധിച്ച കാര്യത്തിൽ ബന്ധപ്പെട്ട സർവകലാശാലയ്ക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്. 9. യു.ജി.സി അംഗീകാരത്തോടെ പ്രവർത്തിക്കുന്നവയും, യു.ജി.സി കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുന്ന വയുമായ സ്വകാര്യ സർവകലാശാല കളുടെ ബിരുദങ്ങൾ സർവകലാശാല കളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ദാതാക്കളും അംഗീകരിക്കേണ്ടതാണ്. |
| (ബി) | യു.ജി.സി അംഗീകാരമുള്ള രാജ്യത്തെ പ്രസിദ്ധമായ സർവ്വകലാശാലകളും ഡീംഡ് യൂണിവേഴ്സിറ്റികളും നൽകുന്ന ബിരുദങ്ങൾ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിക്കാത്തതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. സർക്കാരിലേയ്ക്ക് ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സാഹചര്യത്തിൽ കേരളത്തിൽ സർക്കാർ ജോലിക്കും ഉപരിപഠനത്തിനും തുല്യത, അംഗീകാരം മുതലായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടിവരുന്നതും ആയതിന്റെ നടപടി ക്രമങ്ങൾക്ക് കൂടുതൽ സമയം വേണ്ടിവരുന്നതുമായ സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. സർക്കാരിലേയ്ക്ക് ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ